## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033

ഫോൺ : 0471 2737324

ഇ-മെയിൽ : egrantzscdd@gmail.com


### പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(Present : Sreedhanya Suresh IAS)**

No:SCDD/3902/2024-B3 (EDN B) Date:30-11-2024

വിഷയം:- പട്ടികജാതി വികസനം - 9-10 ക്ലാസ് സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Central Prematric Scholarship - Component-I) - 2024-25 വർഷം നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-

1) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ

2) കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം ഡയറക്ടറുടെ 21.07.2022 ലെ കത്ത് നം. K-17/1/2020-SCD-V-Part (2)

3) കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം ഡയറക്ടറുടെ 14.10.2022 ലെ കത്ത് നം. K-11011/17/2022-SCD-V

***

9-10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി (Central Prematric Scholarship - Component-I) 2022-23 വർഷം മുതൽ പുതുക്കിയ കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 40:60 സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2024-25 വർഷം e-grantz Portal, PFMS, National Scholarship Portal എന്നിവ മുഖേന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർ (SCDO) മുഖേന ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി പദ്ധതി നടപ്പിലാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

### A. പദ്ധതിയുടെ സമയക്രമം

പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നത് 2024 ഡിസംബർ 1 ന് ആരംഭിക്കുന്നതും 2025 ഫെബ്രുവരി 15 ന് അവസാനിപ്പിക്കുന്നതുമാണ്. നിശ്ചിത സമയപരിധിക്കു ശേഷമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

### B. പൊതുവായ നിബന്ധനകൾ

1. കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം കുടുംബവാർഷിക വരുമാനം 2.50 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്കു മാത്രമേ അപേക്ഷിക്കുവാൻ കഴിയുകയുള്ളൂ. അപേക്ഷ സമർപ്പിക്കുന്നതിന് ആധാർ സീഡഡ് അക്കൌണ്ട് നിർബന്ധമാണ്.

2. ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് രൂ. 3500/-, ഹോസ്റ്റലർ ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് രൂ. 7000/- എന്നീ നിരക്കിൽ ഒറ്റത്തവണയായി സ്കോളർഷിപ്പ് ലഭിക്കും. സ്കോളർഷിപ്പ് തുകയുടെ 40% സംസ്ഥാന സർക്കാർ PFMS മുഖേന വിദ്യാർത്ഥികളുടെ അക്കൌണ്ടിലേക്ക് നൽകുകയും 60% തുക കേന്ദ്ര സർക്കാർ നേരിട്ട് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ അക്കൌണ്ടിലേക്ക് നൽകുകയും ചെയ്യും.

3. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് 10% തുക അധികമായി ലഭിക്കുന്നതാണ്. ഭിന്നശേഷിയുള്ളവരും ഹോസ്റ്റലറായിട്ടുള്ളവരും അതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

4. ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പ് കൈപ്പറ്റുന്നതുമായ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് അപേക്ഷ സമർപ്പിക്കാം. എന്നാൽ സ്ഥാപനത്തിന് valid ആയ UDISE Code ഉണ്ടായിരിക്കണം.

## C. അപേക്ഷാ സമർപ്പണ രീതി (ഓൺലൈൻ - സ്ഥാപനതലം)

1. 2022-23 വർഷം വരെ അപേക്ഷകളുടെ ഹാർഡ് കോപ്പി ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപനത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി SCDO ഓഫീസിൽ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തു വന്നിരുന്നത്. എന്നാൽ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2023-24 വർഷം മുതൽ പദ്ധതി പ്രകാരമുള്ള അപേക്ഷാ സമർപ്പണം പൂർണ്ണമായും ഓൺലൈൻ മോഡിൽ സ്ഥാപനതലത്തിലേക്ക് മാറ്റിയിട്ടുണ്ട്. 2024-25 വർഷവും ഇതേ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ ചുവടെ പറയുന്ന രേഖകൾ സ്ഥാപനമേധാവി മുമ്പാകെ ഹാജരാക്കേണ്ടതും സ്ഥാപനത്തിൽ നിന്നും ഇ-ഗ്രാന്റ്സ് ലോഗിനിലെ പ്രത്യേക ഓപ്ഷൻ മുഖേന ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ e-district വാലിഡേഷൻ നടത്തി അപേക്ഷ ഓൺലൈനായി SCDO ഓഫീസിലേക്ക് ഫോർവേഡ് ചെയ്യേണ്ടതുമാണ്.

a. ജാതി സർട്ടിഫിക്കറ്റ്
b. വരുമാന സർട്ടിഫിക്കറ്റ്
c. ഭിന്നശേഷി സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ മാത്രം)
d. ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ മാത്രം)

3. അപേക്ഷയുടെയോ ജാതി/വരുമാന സർട്ടിഫിക്കറ്റുകളുടെയോ മറ്റു രേഖകളുടെയോ ഹാർഡ് കോപ്പി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതില്ല. സ്ഥാപനത്തിൽ നിന്നും അയക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ സ്ഥാപനത്തിന്റെ ഇ-ഗ്രാന്റ്സ് ലോഗിനിൽ ലഭ്യമാകുന്നതാണ്.

4. ഭിന്നശേഷിയുള്ള വിദ്യാർത്ഥികളും ഹോസ്റ്റലറായിട്ടുള്ളവരും ഭിന്നശേഷി സർട്ടഫിക്കറ്റ്/ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ (ഓൺലൈൻ അപേക്ഷ അയച്ചതിനു ശേഷം) SCDO ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ഇവ വിദ്യാർത്ഥികൾ/രക്ഷകർത്താക്കൾ നേരിട്ടോ അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനം മുഖേനയോ SCDO ഓഫീസിൽ നൽകേണ്ടതാണ്. ഈ വിവരം സംബന്ധിച്ച് ഭിന്നശേഷി/ഹോസ്റ്റലറായിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിൽ നിന്നും അറിയിപ്പ് നൽകണം.

## D. അപേക്ഷ സമർപ്പണം - നിബന്ധനകൾ

1. 2024-25 വർഷം ക്ലാസ്-9 ൽ പഠിക്കുന്നവർ മാത്രം പുതുതായി അപേക്ഷ സമർപ്പിച്ചാൽ മതിയാകും. എന്നാൽ 2023-24 വർഷം ക്ലാസ്-9 ൽ അപേക്ഷിക്കാത്തവർക്ക് 2024-25 വർഷം ക്ലാസ്-10 ലേക്ക് ഫ്രഷ് ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. 2023-24 വർഷം പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ചവരുടെ പട്ടിക റിന്യൂവലിനായി അതാത് സ്കൂൾ ലോഗിനിൽ

ലഭ്യമാക്കുന്നതാണ്. ആയത് പരിശോധിച്ച് വിദ്യാർത്ഥി 2024-25 വർഷം പത്താം ക്ലാസിൽ പഠിക്കുന്നുണ്ടെന്നുള്ള സാക്ഷ്യപത്രം സഹിതം ഫോർവേഡ് ചെയ്താൽ മതിയാകും.

3. റിന്യൂവൽ ലിസ്റ്റിൽ വരുന്ന അപേക്ഷകർക്ക് വീണ്ടും ഫ്രഷ് അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത വിധം സൈറ്റിൽ ആധാർ ചെക്കിംഗ് നൽകിയിട്ടുണ്ട്.

## E. അപേക്ഷകളുടെ പരിശോധന/അപ്രൂവൽ (SCDO തലം)

1. സ്ഥാപനത്തിൽ നിന്നും ഓൺലൈനായി ലഭിക്കുന്ന അപേക്ഷയുടെ മാത്രം പ്രിന്റൗട്ട് എടുത്ത് പരിശോധനയ്ക്കായി സൂക്ഷിക്കുക. ജാതി/വരുമാനം എന്നിവയുടെയോ പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ള ഭിന്നശേഷി സർട്ടിഫിക്കറ്റ്, ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഒഴികെ മറ്റൊരു രേഖയുടെയോ ഫിസിക്കൽ കോപ്പി SCDO ഓഫീസിൽ സൂക്ഷിക്കേണ്ടതില്ല. ഇവ ഒഴികെ മറ്റൊരു രേഖയും ഹാജരാക്കുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടരുത്.

2. ഭിന്നശേഷി, ഹോസ്റ്റലർ എന്നീ കാറ്റഗറികളിൽ ഉൾപ്പെടുത്തി അയക്കുന്ന അപേക്ഷകളിൽ മാത്രം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഹാർഡ് കോപ്പി വിദ്യാർത്ഥികളിൽ നിന്നും നേരിട്ടോ സ്ഥാപനം മുഖേനയോ ലഭ്യമാക്കി പരിശോധിക്കേണ്ടതും അപേക്ഷയുടെ പ്രിന്റൗട്ടിനൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

3. ഓൺലൈൻ അപേക്ഷകളിലെ ജാതി, വരുമാനം എന്നീ ഡിജിറ്റൽ രേഖകളും മറ്റു വിവരങ്ങളും ഭിന്നശേഷി, ഹോസ്റ്റലർ സർട്ടിഫിക്കറ്റുകളുടെ ഹാർഡ് കോപ്പിയും പരിശോധിച്ച ശേഷം അർഹതയ്ക്ക് വിധേയമായി അപ്രൂവൽ നൽകേണ്ടതാണ്. അപ്രൂവ് ചെയ്യുന്ന അപേക്ഷകൾ ഉടൻ തന്നെ beneficiary validation/payment എന്നിവയ്ക്കായി PFMS ലേക്ക് ഷെയർ ചെയ്യപ്പെടുന്നതാണ്. അപ്രൂവ് ചെയ്ത അപേക്ഷകളിൽ പുന:പരിശോധനയ്ക്ക് അവസരമുണ്ടായിരിക്കില്ല.

## F. പ്രചാരണം

1. അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിലുള്ള ഹൈസ്കൂളുകളിൽ പ്രൊമോട്ടർമാർ മുഖേനയും മറ്റ് ഉചിത മാർഗ്ഗങ്ങളിലൂടെയും യഥാവിധി അറിയിപ്പ നൽകേണ്ടതാണ്. പദ്ധതിയുടെ പ്രചാരണത്തിനായി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും നോട്ടീസ് ബോർഡിൽ പദ്ധതിയുടെ അറിയിപ്പ് പ്രദർശിപ്പിക്കുന്നതിന് SCDO മാർ അതാത് സെക്രട്ടറിമാർക്ക് കത്ത് നൽകേണ്ടതും എല്ലാ ഹൈസ്കൂളുകളിലെയും 9-10 ക്ലാസിൽ പഠിക്കുന്ന അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികളും പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2. ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ജില്ലാ തലത്തിൽ പത്രക്കുറിപ്പ് നൽകേണ്ടതും പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി SCDO തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

**Sreedhanya Suresh IAS**

**DIRECTOR**

Signed by
Sindhu Paramesh
Date: 30-11-2024 11:41:08

ഡയറക്ടർക്കു വേണ്ടി

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

എല്ലാ SCDO മാർക്കും (ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖേന)

പകർപ്പ്:-

1) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
2) രജിസ്ട്രാർ, സി-ഡിറ്റ്
3) സ്റ്റോക്ക് ഫയൽ / സ്പെയർ